**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **18-09-2025 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പശ്ചിമഘട്ട മലനിരകളിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയ്ക്കായി സംസ്ഥാന ബജറ്റിൽ നീക്കിവച്ച തുകയും നവകേരള നിർമ്മിതി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുകയും പ്രയോജനപ്പെടുത്തി ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതിയിൽ നവകേരള സദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും അതനുസരിച്ച് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ അടങ്കൽ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 28.07.2025 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3/2025/PIE&MD പ്രകാരം അനുമതി ലഭ്യമായിട്ടുള്ളതുമാണ്. ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും പ്രവൃത്തി നടപ്പാക്കുന്നതിനായി താൽപര്യപത്രം ക്ഷണിച്ച്, കേരള പോലീസ് ഹൗസിംഗ് & കൺസട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനവുമായി 09.09.2025 തീയതിയിൽ ചർച്ച നടത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത നിർമാണത്തിന് അനുമതി ലഭ്യമാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണ്; കാലതാമസം കൂടാതെ പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതിയിൽ നവകേരള സദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും അതനുസരിച്ച് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുവാദം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ അടങ്കൽ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 28.07.2025 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3/2025/PIE&MD പ്രകാരം അനുമതി ലഭ്യമായിട്ടുള്ളതുമാണ്. ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും പ്രവൃത്തി നടപ്പാക്കുന്നതിനായി താൽപര്യപത്രം ക്ഷണിച്ച്, കേരള പോലീസ് ഹൗസിംഗ് & കൺസടക്ഷൻ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനവുമായി 09.09.2025 തീയതിയിൽ ചർച്ച നടത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ